# നവധ്വനി



# താളുകൾ മറിക്കുമ്പോൾ


തീരാമഴ....................5
കാറ്റ്....................6
വിരഹം....................7
രാഷ്ട്രപിതാവ്....................8
ഓട്ടോറിക്ഷക്കാരന്റെ ഭാര്യ....................9
ഒരച്ഛന്റെ ഓർമ്മക്കുറിപ്പുകൾ....................11
ടോടോ-ചാൻ ജനാലക്കരികിലെ പെൺകുട്ടി....................12
പ്രളയം....................13
മാഫിയ....................15
ആ മഴയത്ത്....................19
അന്ന....................20
ഓർക്കാപ്പുറത്തൊരു ഓർമ....................23
സ്നേഹമയിയായ അമ്മ....................30
മികവുകൾ....................36

# ആമുഖം

സൗഹൃദത്തിന്റെ പുത്തൻ അധ്യായങ്ങൾ തുറന്നുകാട്ടിക്കൊണ്ട് ഒരു പറ്റം വിദ്യാർത്ഥികളുടെ കൈ കരുത്തിൽ ഉറവെടുത്ത ഒരു കൂട്ടം പുത്തൻ ഭാവനകളുടെ സമാഹാരമാണ് നവധ്വനി.ഈ പുത്തൻ ലോകത്തെ പുത്തൻ സൃഷ്ടികളോരോന്നും പുത്തൻ സ്വരങ്ങളാണ്.നവ ധ്വനികൾ...

# ആശംസകൾ

കല ആത്മാവിന്റെ വെളിപാടാണ്.

നമ്മുടെ ഉള്ളിൽ ഉറഞ്ഞുകിടക്കുന്ന


സർഗ്ഗവാസനകളെ

സ്വയം തിരിച്ചറിഞ്ഞ് അവതരിപ്പിക്കുമ്പോൾ

മാത്രമാണ്

കലാകാരൻ വിജയം കാണുന്നത്. നിങ്ങളുടെ

കൊച്ചുകലാസൃഷ്ടികൾക്ക്



എല്ലാവിധ അനുഗ്രഹ-

ആശംസകളും നേരുന്നു.

# തീരാമഴ...

ഇന്നലെ മുറ്റത്തിരിയ്ക്കുമ്പോൾ
കണ്ടു ഞാൻ ആ പൂമഴ....
ആഹ്ലാദമായ് പെയ്തു തുടങ്ങവെ
ഞാനുമാ മുറ്റത്തു കണ്ടു നിന്നു....

പെയ്യുമാ പൂമഴ എൻ
കളങ്കമെല്ലാം നീക്കവെ
ഞാനുമെൻ ദുഃഖങ്ങൾ
പങ്കുവെച്ചു....
പിന്നെയാ പൂമഴ ശക്തിയായ്
പെയ്തപ്പോൾ

കാറ്റും ഇടിവെട്ടും കൂടെ വന്നു....


ശക്തിയായ് ശക്തിയായ് ആ
മഴ പിന്നീടു
വീടും കുളവും നിറച്ചിടുമ്പോൾ....
എൻ ഹൃദയത്തിലെ
തീരാമഴയായ്
ആ മഴ ഇന്നും കിടന്നിടുന്നു.....




അയന.കെ.എസ്



# കാറ്റ്



എൻ ചെറുമയക്കത്തിൽ തൊട്ടു
തഴുകുമൊരു പനിനീർ കാറ്റായ്
ആരോരുമറിയാതെ എൻ
ആത്മാവുപോലെ
യാത്രകളിൽ പിൻതുടരും
ഒരു ഇളനീർ കാറ്റായ്
ആരോരുമില്ലാ നേരത്ത് എനിക്ക്
കൂട്ടായ് വന്നൊരു സൗഹൃദക്കാറ്റ്
വാഴുമീ ഭൂമിയിൽ എന്നും
മരണമില്ലാത്ത ജീവനായ്



കീർത്തന.കെ.എം



# വിരഹം

അപ്രതീക്ഷമാമീ വിരഹനൗകയിൽ

അവൾ പറഞ്ഞ തോണിയിൽ

ഒഴുകി എവിടെയോ ഞാൻ

നിദ്ര തേടിയലഞ്ഞൊരു വഴിയിൽ

സ്വപ്നമെന്ന തിരുനാളമുയർത്തി

അവൾക്കരികെ എൻ ചിറകാൽ

പറന്നുയരാൻ വെമ്പുന്ന ഞാൻ

ഫർസാന.എൻ.ഐ

# രാഷ്ട്രപിതാവ്

ആർഷ ഭാരത ഭ്രുവിലുദിച്ചൊരു
സുവർണ തേജോ പുഞ്ജം
പ്രകാശമേകി ജ്വലിച്ചു നിൽപ്പൂ
വിശ്വമാനവ ചേതനയായ്.......

രുധിരക്കേളികളുറഞ്ഞു തുള്ളിയൊ-
രടിമത്വത്തിൻ നാട്ടിൽ
അഹിംസ പടവാളാക്കിപ്പൊരുതിയ
അഭിമത ഭാരത ധീരൻ
അജയ്യ മാനവ വീരൻ

ഋഷിസൂക്തങ്ങൾ ജീവനചാക്കിയൊ-
രതിശയ നായകനാദം
അറബിക്കടലിൻമക്കരെയക്കരെ
സംസ്ക്കാരത്തെ വളർത്തി,ഭാരത
സംസ്ക്കാരത്തെ വളർത്തി.



ലീനടീച്ചർ
എച്ച്.എസ്.എ മലയാളം


# ഓട്ടോറിക്ഷക്കാരന്റെ ഭാര്യ



ഞാൻ വായിച്ച പുസ്തകത്തിന്റെ പേരാണ് " ഓട്ടോറിക്ഷക്കാരന്റെ ഭാര്യ ." എം. മുകുന്ദൻ ആണ് ഈ പുസ്തകം എഴുതിയത്. ഏഴ് കഥകൾ അടങ്ങിയിരിക്കുന്ന ഒരു പുസ്തകമാണ് എം. മുകുന്ദൻ എഴുതിയിരിക്കുന്നത്. ഓട്ടോറിക്ഷക്കാരന്റെ ഭാര്യ, അച്ഛൻ, അമ്മമ്മ, രക്ഷിതാക്കൾ, മലയാളി ദൈവങ്ങൾ, ചാർളി സായവ്, സന്ത്രാസം എന്നുപേരുള്ള ഏഴ് കഥകളാണ് " ഓട്ടോറിക്ഷക്കാരന്റെ ഭാര്യ" എന്ന പുസ്തകത്തിൽ അടങ്ങിയിരിക്കുന്നത്. ഈ ഏഴ് കഥകളിൽ എനിക്ക് ഇഷ്ടമായ കഥയാണ് അമ്മമ്മ. അതിൽ മുക്യ കഥാപാത്രമാണ് അമ്മമ്മ, വാസന്തിയും കുട്ടികളും പിന്നെ കഥാകൃത്തുമാണുള്ളത്. ഈ കഥാപാത്രങ്ങളിൽ എന്നെ ആകർഷിച്ച കഥാപാത്രമാണ് അമ്മമ്മ. തന്റെ മകന്റെ പുതിയ വീടുപണി കഴിഞ്ഞ് ആ വീട് കാണുവാനാണ് അമ്മമ്മ വരുന്നത്. അമ്മമ്മ രീതിയില്ല ജീവിക്കുന്നത്. അമ്മമ്മക്കു ഇംഗ്ലീഷ് വാക്കുകൾ അറിയാം. അമ്മമ്മ ഭക്ഷണം കഴിക്കുവാൻ ടേബിളിൽ വന്നിരുന്നപ്പോൾ തന്റെ

മകൻ വിചാരിച്ചത് നല്ല നാടൻ ഭക്ഷണമായിരിക്കും അമ്മമ്മക്ക് ഇഷ്ടം എന്നാണ്. പക്ഷേ അമ്മമ്മക്കിഷ്ടം ന്യൂടിൽസ്സായിരിന്നു. അമ്മമ്മ ഇംഗ്ലീഷ് പാട്ടെല്ലാം കേൾക്കും. അമ്മമ്മ വീട്ടിൽ വിട്ട് തിരിച്ച് കാറിൽ വരുമ്പോഴാണ് തനിക്കു മനസ്സിലായത് ഈ ലോകം ആകെ മാറിയെന്ന്. ലോകം മാറുന്നതനുസരിച്ച് മാറണം എന്നു അമ്മമ്മ മനസ്സിലാക്കിക്കൊടുത്തു.

അമ്മമ്മ എന്ന കഥ സമകാലിക സമൂഹത്തിന്റെ ഗതിവിഗതികളെ സൂക്ഷമമായി അടയാളപ്പെടുത്തുന്ന കഥയാണ്.




**അക്ഷര.ട്ടി.എം**

# ഒരച്ഛന്റെ ഓർമ്മക്കുറിപ്പുകൾ

ഒരച്ഛൻ മകനെ ഓർക്കുമ്പോൾ

ഒരു കാലഘട്ടത്തിന്റെ ചതിയും ഹിംസയും വെളിപ്പെടുത്തുന്ന കാഴ്ചയാണ് ഈ പുസ്തകത്തിൽ. ഭരണകൂടത്തിന്റെ ഇരകളായിത്തീർന്ന മക്കളെ ഓർക്കുന്ന അച്ഛനമ്മമാർക്കുവേണ്ടി കണ്ണിരു കൊണ്ടും ഒടുങ്ങാത്ത പോരാട്ട വീര്യം കൊണ്ടും. ഇതിന്റെ ഉള്ളടക്കം മുഖവുര കരുതിവെച്ച ഒരിലച്ചോറ്, അമ്മ ഏല്പിച്ച ഭാരം, പ്രയാണം തുടരുന്നു. നിയമം ബലി കഴിക്കപ്പെടുമ്പോൾ പ്രസ്തുത കാര്യം, അടിയന്തരാവസ്ഥ, ആരോടും പകയില്ലാതെ അനുബദ്ധം...........



**സേതുലക്ഷ്മി.ആർ.വി.**


# ടോടോ–ചാൻ
# ജനാലക്കരികിലെ പെൺകുട്ടി

ജാപ്പനീസ് ഭാഷയിൽ ചൂടപ്പം പോലെ വിഅറ്റഴിഞ്ഞ ഒരു പുസ്തകമാണ് പുറത്തിറങ്ങിയ ടോട്ടോ-ചാൻ.ലോകമെങ്ങുമുള്ള എല്ലാ പ്രധാന ഭാഷകളിലേക്കും ഈ പുസ്തകം തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്.കോടിക്കണ്കകിന് പ്രതികൾ വിറ്റഴിക്കപ്പെട്ട ഇതിന്റെ പ്രചാര്തതെക്കുറിച്ച് ടോട്ടോചാൻ നിൻഡ്രോം ടോട്ടോചാൻ ൊാരു ബെസ്റ്റ് സെ്ലലറിന്റെ കഥ തുടങ്ങിയ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു.റ്റോവോ എന്ന അന്യദേശ സ്കൂലിനെക്കുറിച്ചുള്ള പുസ്തകം കുട്ടികളെ സ്നേഹിക്കുന്ന എല്ലാവരിനാലും വായിക്കപ്പെടുന്നു.ഒരു .ലക്ഷത്തിലേറെ പ്രതികൾ മലയാളത്തിൽ വിൽക്കപ്പെട്ട ടോട്ടോ, ഇനി ഈ സ്കൂളിലെ കുട്ടിയാണ്.....മാസ്റ്ററുടെ ഈ വാക്കുകൾ കേട്ട നിമിഷം മുതൽ എങ്ങനെയെങ്കിലും അടുത്ത പ്രഭാതം ഇങ്ങെത്തിയാൽ മതിയെന്നായി ടോട്ടോചാന്.ഒരു പകലിനു വേണ്ടി ഇത്രമേൽ ആഗ്രഹത്തോടെ അവൾ ഇന്നേവരെ കാത്തിരുന്നിട്ടില്ല. അതായിരുന്നു ടോട്ടോചാൻ എന്ന വികൃതിപ്പെൺക്കുട്ടിയുടെ ഹൃദയം കവർന്ന റ്റോമോ വിദ്യാലയം.ടോട്ടോചാനെ കാണുമ്പോഴെല്ലാം ദാ നോക്ക് നേരായിട്ടുംനീ ഒരു നല്ല കുട്ട്യാ എന്ന് ഓർമ്മിപ്പിച്ച ,സ്നേഹത്തിന്റെ നിധിയും ഭാവനാശാലിയുമായ ഹെഡ്മാസ്റ്ററാണ് കൊബായാഷി.തെത്സുകോ കുറോയാനഗിയായി വളർന്ന പഴയ ടോട്ടോചാൻ അവളുടെസ്കൂളിനെക്കുറിച്ചും കൊബായാഷിമാസ്റ്ററെക്കുറിച്ചും കുമ്പാരക്കണക്കിന് വിശേഷങ്ങളാണ് നമ്മളോട് പറയുന്നത്.



പ്രശസ്തനായ കവി അൻവർ അലിയാണ് ഈ കൃതി മലയാളത്തിലേക്കാക്കിയിരിക്കുന്നത്.

രെഞ്ചു.വി.എസ്



# പ്രളയം

2018 ലെ പ്രളയ ദുരന്തം വരുത്തിയ നാശനഷ്ടം കേരള ജനത എത്ര വർഷത്തിനു ശേഷവും മറക്കില്ല. മനസ്സിൽ മായാതെ നിൽക്കുന്ന പ്രളയമെന്ന കൊടുംദുരന്തം മറികടന്ന കേരള ജനതയ്ക്ക് ജലസ്രോതസ്സുകളാണ് ദിശമാറി ഒഴുകിയത്.ഒട്ടേറെ ജീവനുകളാണ് പ്രളയത്തിൽ പൊലിഞ്ഞുപോയത്.പിഞ്ചു ജീവൻ മുതൽ വാർദ്ധക്യം ബാധിച്ചവർ വരെ നൂറോളം ജീവനുകളെയാണ് പ്രളയം എടുത്തുകൊണ്ട് പോയത്. ഉരുൾപ്പൊട്ടലും പ്രളയവും മറ്റും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി കലിതുള്ളിയാടുമ്പോൾ കേരളമതിനുമുമ്പിൽ സ്തംഭിച്ചു നിൽക്കുന്നില്ല. പകരം ഐക്യ ബോധത്തോടെ ഒന്നിച്ചു നിന്ന് ദുരന്തത്തെ നേരിടാൻ പ്രയത്നിക്കുകയാണ് ചെയ്യുന്നത്.പലരും വസ്തുവും പാർപ്പിടവും നഷ്ടപ്പെട്ട് നിൽക്കുമ്പോഴും എന്നാലാവുന്നത് ചെയ്യാനാണ് പലരും ശ്രമിക്കുന്നത്.പ്രളയത്തിന്റെ നടുവിൽ കണ്ണീരിന്റെ നെടുവീർപ്പുമായി നിൽക്കുന്ന കേരളജനതയ്ക്കായ് ഒട്ടേറെ സഹായങ്ങളുമായ് വിദേശരാജ്യങ്ങൾ കോടികൾ സംഭാവന നൽകിയിരുന്നു.മനുഷ്യന്റെ അത്യാർത്തിക്കും അഹങ്കാരത്തിനുംകിട്ടിയ തിരിച്ചടിയായാണ് ഞാൻ ഇതിനെ നോക്കികാണുന്നത്. ഇത്രയും നാളും പ്രകൃതിയെ കുത്തിനോവിച്ച മനുഷ്യന് തിരിച്ചടി നൽകുകയാണ് പ്രകൃതി. മനുഷ്യനു മാത്രമല്ല പ്രകൃതിക്കും തിരിച്ചടിക്കാനാകും അഥവാ പ്രതികരിക്കാനാകും എന്ന് മനുഷ്യൻ മനസ്സിലാക്കുക. എന്നാൽ തെര്റു ചെയ്യാതെ നന്മ ആഗ്രഹിക്കുന്ന ചില പാവങ്ങൾ ഈ ദുരന്തത്തിൽ പെട്ടു എന്നത് വേദനിപ്പിക്കുന്ന ഒന്നാണ്. ഇനിയെങ്കിലും പ്രകൃതിയോട് കളിച്ചാൽ അതും പ്രതികരിക്കും. അത് ദോഷം ചെയ്യുന്നത്

,മനുഷ്യനായിരിയ്ക്കും എന്ന് എല്ലാവരും ഓർക്കുക. പ്രകൃതിയെ പല തരത്തിൽ ഉപയോഗിക്കുകയായിരുന്നു മനുഷ്യൻ. ഇനി അതു പാടില്ല എന്ന് ഈ പ്രകൃതി ദുരന്തം നമ്മെ ഓർമിപ്പിക്കുകയാണ്.ഇനിയൊരിക്കലും പ്രകൃതിയെ നോവിക്കാതിരിക്കാൻ ഈ അനുഭവം മതിയാകും എന്ന് വിശ്വസിക്കട്ടെ. ഓർക്കുക, ഇങ്ങനെയൊരു ദുരന്തം വന്നാൽ ചെറിയവനെന്നോ വലിയവനെന്നോ നല്ലവനെന്നോ തിന്മ ചെയ്യുന്നവനെന്നോ ഒന്നുമില്ല.എല്ലാവർക്കും ഒരുപോലെയായിരിയ്ക്കും ബാധിക്കുക.



ആദിത്യ

# മാഫിയ

ഞാൻ ചിന്നു.എന്നെ കൂടുതൽ ഇഷ്ടമുള്ളവർ ചിന്നുട്ടി എന്ന് വിളിക്കും. പക്ഷെ എനിക്ക് എന്നെ ചിന്നു എന്ന് വിളിക്കാനാണ് ഇഷ്ടം. എന്റെ അച്ചനും അമ്മയും കൂടി ഒരു പെൺകുട്ടി ജനിച്ചു.അതായത് എന്റെ ചേച്ചി . അവളുടെ ആഗ്രഹം ഒരു അനിയത്തിയെ വേണമെന്നായിരുന്നു. അമ്മ വീണ്ടും ഗർഭിണിയായ്. ചേച്ചി ഏഴിൽ പഠിക്കുമ്പോഴാണ് . ചേച്ചി എട്ടിൽ ആയപ്പോൾ ഒരു കുഞ്ഞ് ജനിച്ചു. പക്ഷെ വിചാരിച്ചത് പോലെ അവൾക്ക് ദൈവം കൊടുത്തത് ഒരു അനിയനെയായിരുന്നു. ചേച്ചിയുടെ മനസ്സ് വല്ലാതെ വേദനിച്ചു. പക്ഷെ ചേച്ചിക്ക് ഭയങ്കരതന്റേടമായിരുന്നു. ആൺകുട്ടികളും പെൺകുട്ടികളുമുള്ള സ്കൂളിലാണ് ചേച്ചി പഠിക്കുന്നത്. പക്ഷേ എന്താണെന്ന് അറിയില്ല അവൾക്ക് ഏഴ് മുതൽ ഭയങ്കര ധൈര്യമാ... എന്തും ചെയ്യാനുള്ള ചങ്കുറ്റവും.കുറച്ചു ദിവസത്തിനു ശേഷം ആ കുഞ്ഞു മരിച്ചു. അമ്മ ഇനി ഗർഭിണിയാവില്ല എന്നറിഞ്ഞ അവൾഅനിയത്തിക്കുവേണ്ടി വാശിപിടിച്ചു. അങ്ങനെ പെൺകുട്ടിയെ ദത്തെടുത്തു. അതാണ് ഞാൻ... എന്നെ ചേച്ചിക്ക് ഭയങ്കര ഇഷ്ടാ... ഞാൻ വളർന്ന് പത്തിലായപ്പോഴും ചേച്ചി പഠിക്കുകയായിരുന്നു.പതിയെ പതിയെ അവളുടെ ഓരോ നീക്കവും ഞാൻ ശ്രദ്ധിക്കാൻ തുടങ്ങി. അവൾ എന്നെ വെറുത്തു തുടങ്ങുകയാണ്. അവളുടെ സ്വഭാവത്തിൽ വന്ന മാറ്റത്തിന്റെ കാരണം ഞാൻ കണ്ടെത്തി. അതാണ് ചേച്ചി എന്നെ വെറുക്കാൻ കാരണം. ഒരു തവണയല്ല. പല പ്രാവശ്യം ഞാനവളെ പിടിച്ചിട്ടുണ്ട് പിടിക്കുമ്പോഴൊക്കെഇനിഇതാവർത്തിക്കരുതെന്ന് പറ--ഞ്ഞിട്ടുണ്ട്. അവൾ അത് അനുസരിച്ചില്ല.

രാത്രി.....എല്ലാവരുമുറങ്ങിയതിനു ശേഷം അവൾ കയറി വന്നു. അത് വരെ കൂട്ടുകാർക്കൊപ്പം കറങ്ങി നടക്കുകയായിരുന്നു. അവളെ ഒരു വല്ലാത്ത അവസ്ഥയിലാണ് കണ്ടത്. പേടിയായി എനിക്ക്..... മയക്ക് മരുന്ന് ,കഞ്ചാവ് പോലുള്ള സാധനങ്ങൾക്ക് അടിമയാണവൾ.ഈ കാര്യം ഞാൻ നാളെത്തന്നെ അച്ഛനോടും അമ്മയോടും പറയും എന്ന ഭീഷണി അവളിലേക്കുയർത്തി. അവളുടെ നല്ലതിനു വേണ്ടിയായിരുന്നു അന്ന് ഞാൻ അങ്ങനെ പറഞ്ഞത്. പക്ഷെ അവൾ അത് മനസ്സിലാക്കിയില്ല. എന്നോടുള്ള ദേഷ്യം കൊണ്ടാവണം  അവൾ എന്നെ ക്രൂരമായി ശിക്ഷിച്ചത്. പിറ്റേ ദിവസം രാവിലെ അവൾ എന്നോട് വന്ന് പറഞ്ഞു:വാ നമുക്ക് പുറത്ത് പോകാമെന്ന്.അച്ഛന്റെയും അമ്മയുടെയും വിശ്വസ്ത പുത്രിയായിരുന്നുഅവൾ.ഞാൻപോയി.....അവളോടൊപ്പം. പേടിയോടെയാണെങ്കിലും പോയി. അവളുടെ ഓരോ ചലനവും എന്നെ പേടിപ്പെടുത്തിക്കൊണ്ടിരുന്നു.ഞങ്ങൾ നടന്നു നടന്ന് എത്തിയതൊരു വലിയ കാട്ടിലെ കൊട്ടാരത്തിലേക്ക്..... എനിക്കുചുറ്റും ഇരുട്ട് മറഞ്ഞു..... ഞാൻ വിയർക്കാൻ തുടങ്ങി..... പെട്ടെന്നൊരു വെളിച്ചം എവിടെ നിന്നോ വന്നു..... ഞാൻ ചുറ്റും നോക്കി..... ചേച്ചിയെ കാണാനില്ല..... എന്റെ നെഞ്ചിടിപ്പ് കൂടി..... ഞാൻ അലറി..... ഒരു ഗന്ധം..... ചേച്ചി മയക്കുമരുന്നുപയോഗിച്ച് എന്റെ അടുത്ത് വരുമ്പോഴുള്ള ആ മണം..... എനിക്കവിടെ അനുഭവപ്പെട്ടു..... പിന്നെ കുറച്ചു നേരത്തേക്ക് ഒരനക്കവുമില്ല.ഞാൻ നിശ്ചലമായി...... എന്റെ കണ്ണിൽ നിന്നും കണ്ണുനീർപൊടിയാൻ തുടങ്ങി..... ഞാൻ ഏങ്ങിയേങ്ങി കരഞ്ഞു.....പെട്ടെന്നൊരു ശബ്ദം..... ആരോ നടന്നു വരുന്ന ഷൂവിന്റെ ശബ്ദം..... ഞാൻ ചുറ്റും നോക്കി...... പേടിച്ച ഞാൻ എന്ത് ചെയ്യണമെന്നറിയാതെ പതറി നിന്നു..... കാലൊച്ച അടുത്തേക്ക് വരുന്നു..... നടക്കാനോ ഓടാനോ

കഴിയാത്ത വിധം ഞാൻ തളർന്നു...... കാലൊച്ച കൂടിക്കൂടി വന്നു..... അതൊരാളായിരുന്നില്ല. അവരാകെ അഞ്ചു പേരുണ്ടായിരുന്നു...... ആ അഞ്ചു പേരിലൊരാൾ എന്റെ ചേച്ചി...... ഞാൻ തളർന്നു.....അവിടെ ആ നാലു പേർക്കിടയിൽ എന്നെ തനിച്ചാക്കി ചേച്ചി പുറത്തേക്ക് പോയി. ഞാൻ കരഞ്ഞു..... ഉറക്കെ കരഞ്ഞു..... ആരും കേട്ടില്ല..... ഞാൻ എന്നെക്കാളേറെ സ്നേഹിച്ച ചേച്ചിപോലും; ആ നാലു പേരും എന്റെ അടുത്തേക്ക് വരാൻ തുടങ്ങി. കഞ്ചാവിന്റെ മണം എന്റെ മൂക്കിൽ ആഴ്ന്നിറങ്ങി.ഞാൻ പേടിച്ചു..... ഒച്ച വച്ചു ആരും സഹായിച്ചില്ല. ഞാൻ ഓടി പോവാൻ ശ്രമം നടത്തി. പക്ഷെ ശ്രമം പാഴായി...... ആ നാല് പേരിൽ ഒരാൾ എന്റെ തോളിൽ കൈ വച്ചു...... ഞാൻ പേടിച്ചു..... അവരുടെ കാല് പിടിച്ചു.... പക്ഷേ ദൈവം എനിക്കായ് ഒരുക്കിയത് എന്റെ മരണമായിരുന്നു.ജീവനു വേണ്ടി ഞാൻ കെഞ്ചി.....പല തവണ.... എന്നെ എടുത്തെറിഞ്ഞു...... ഒരുപാട് ഉപദ്രവിച്ചു......എന്നെ ആഞ്ഞടിച്ചു...... വേദനയിൽ ഞാൻ പുളഞ്ഞു...... എൻെറ കൈ പിരിച്ചു........എന്റെ കൈയ്യിൻെറ എല്ലൊടിഞ്ഞു........ഒന്നു നെരയാൻ പോലും പറ്റാതെ ഞാനവിടെ രക്തത്തിൽ കുളിച്ച് മരണമടഞ്ഞു.....കുറച്ചുനേരം കഴിഞ്ഞപ്പോൾ ചേച്ചി വീട്ടിലേക്ക്പോയി.ഞാൻ നേരത്തെ വന്നു എന്ന് കള്ളം പറഞ്ഞ് അവൾ സ്വയം രക്ഷപ്പെടുത്തി.എന്നെ പോസ്റ്റ്മാർട്ടത്തിനയച്ചു.വീട്ടിൽ അച്ഛനും അമ്മയും നെഞ്ച് കരയുന്നു.ചേച്ചി അഭിനയിക്കുകയും.........എന്നെ വീട്ടിലേക്ക് കൊണ്ട് വന്നു.പോസ്റ്റ്മാർട്ടം റിപ്പോർട്ട് വന്നു. ക്രൂരമായി പീഡിപ്പിച്ച എന്നെ ചിതയിലേക്ക് വെച്ചു. തീകൊളുത്തി.ആ തീയിൽ ഞാൻ വെന്തുരുകി.....വെറും ചാരം മാത്രം ബാക്കിയാക്കി ഞാൻ മടങ്ങി...... ഒരിക്കലും തിരിച്ചുവരാൻ പറ്റാത്ത ഒരു

സ്ഥലത്തേക്ക്.......

പണ്ടെന്റെ അനിയൻ മരണപ്പെട്ടതിന്റെ പിന്നിൽ ചേച്ചിയുടെ കറുത്ത കരങ്ങളായിരുന്നു. ഒരിക്കലും ഇങ്ങനെ ഒരു ഗതി ആർക്കും വരല്ലേ എന്നപ്രാർത്ഥനയോടെ ഞാനുമെന്റെ അനിയൻ പോയ സ്ഥലത്തേക്കു പോകാൻ വേണ്ടി യാത്ര പറഞ്ഞു.......

ഫസീല.ഇ.എൻ



# ആ മഴയത്ത്....



ഞാൻ മുറ്റത്ത് കസേരയിൽ തനിച്ചിരിക്കുന്ന നേരം. കറുത്തിരുണ്ടആകാശം.എങ്ങും നക്ഷത്രക്കൂട്ടങ്ങൾ എന്നെ നോക്കി പുഞ്ചിരിക്കുന്ന ദൃശ്യം. പല വീടുകളിലെ വെട്ടം രാത്രിയെ പ്രകാശം കൊണ്ടുള്ള പൂമാലകൾ സൃഷ്ടിക്കുന്നതു പോലെ. രാത്രിയുടെ ശബ്ദം എൻ കാതിൽ മുഴങ്ങികൊണ്ടിരുന്നു.എന്നെ പേടിപ്പിക്കുവാനായി മിന്നലിന്റെ ശ്രമങ്ങൾ. എന്തുകൊണ്ടെന്നറിയില്ല ആ രാത്രി എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ആ രാത്രിയിലെ തണുത്ത കാറ്റിൽ എനിക്കു കൂട്ടായി മരങ്ങൾ നൃത്തം ചെയ്യുന്നതായി എനിക്കു തോന്നി. അതിനിടയിൽ ബാങ്ക് വിളിക്കുന്ന ശബ്ദം. അതോടൊപ്പം അമ്പലത്തിൽ അരവിയപ്പൂപ്പൻ മണിയടിക്കുന്നു. അപ്പോൾ പെയ്യുന്ന മഴയുടെ കിലുക്കം ഞാൻ കേട്ടതേയില്ല. മഴയുടെ കൂട്ട ഇരമ്പത്തിൽ ആരൊക്കെയോ എന്നെ വിളിക്കുന്നതുപോലെ...

അങ്ങനെയിരിയ്ക്കെയാണ് എങ്ങുമില്ലാത്ത ഒരു സുഗന്ധം എന്റെ മൂക്കിനകത്ത് എത്തിയത്. ഹോട്ടലിലെ ഏതോ പുതിയ വിഭവമായിരുന്നു അത് എന്നെനിക്ക് മനസ്സിലായി. നല്ല ഭക്ഷണത്തിന്റെ മണം. ആരുടെയും വായിൽ വെള്ളമൂറും. മഴയുടെ കിലുക്കം കൂടിവന്നു. ഒപ്പം ഇളംകാറ്റും...

ഗൗരിനന്ദന

# അനു

സൂര്യൻ മലകൾക്കിടയിൽനിന്നും ഉയർന്നു വരുന്നതേയുള്ളു. അനു വെള്ളച്ചാട്ടത്തിലെ പാറകൾ താണ്ടി വിദ്യാലയത്തിലേക്കു പോകുന്നു. ഇന്ന് ഒമ്പതാം ക്ലാസ്സിൽ പ്രവേശിച്ചിട്ടുള്ള ആദ്യത്തെ ക്ലാസ്സാണ്. പഠിക്കാൻ ഏറെ മിടുക്കിയായിരുന്നു അവൾ. എട്ടാം ക്ലാസ്സിൽ വിദ്യാലയത്തിൽ ഏറ്റവും കൂടുതൽ മാർക്കും അവൾക്കായിരുന്നു.

പാറക്കെട്ടുകൾ കടന്ന് പുഴകളോടും കാടിനോടും വർത്തമാനം പറഞ്ഞു അവൾ വിദ്യാലയത്തിലെത്തി. രണ്ട് മാസങ്ങൾക്കു ശേഷം അവൾ തന്റെ സുഹൃത്തുക്കളെ കാണുന്നത്. സന്തോഷങ്ങൾക്കു അതിരുണ്ടായിരുന്നില്ല അവൾക്ക്. അനു മാത്രമാണ് സ്കൂൾ പൂട്ടിയതിൽ പിന്നെ കൂട്ടുകാരെ കാണുന്നത്. ബാക്കിയെല്ലാരും അവധിക്കാലത്ത് കളിക്കാനൊക്കെ കൂട്ടുമായിരുന്നു. അനുവിന്റെ വീട് കാടും കടന്ന് പുഴകൾ കടന്ന് ഒരു ഉൾ നാട്ടിലാണ്. അതുകൊണ്ടുതന്നെ അനു കളിക്കാനും മറ്റും കാടിനു പുറത്തേക്കു വരാറില്ല. അച്ഛനും അമ്മയും അനുവും. അതാണ് അവരുടെ കൊച്ചു കുടുംബം. അച്ഛൻ വൈദ്യനാണ്. എന്തെന്നില്ലാത്ത സന്തോഷം. അവൾ ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ച് ചോദിച്ചു. “എന്താമ്മേ” “അനുക്കുട്ടിക്ക് ഒരു

കുഞ്ഞാവേനെ കിട്ടാൻ പോണു.” അനുവിന് സന്തോഷമടക്കാൻ സാധിച്ചില്ല. അവൾ തുള്ളിച്ചാടി. എത്ര നാളത്തെ ആഗ്രഹമാണ് ഒരു അനുജനോ അനുജത്തിയോ! കാടിറങ്ങി കളിക്കാൻ പോകാൻ പറ്റില്ല. അനുജനോ അനുജത്തിയോ ഉണ്ടായിരുന്നെങ്കിൽ! അവസാനം അവളുടെ പ്രാർത്ഥന ദൈവം കേട്ടു. പിറ്റേ ദിവസം ഈ സന്തോഷവാർത്ത സ്കൂളിൽ പോയി പറയാൻ അവൾ മറന്നില്ല. ആയിടക്കാണ് പാലക്കാട് നഗരത്തിലുള്ള അവളുടെ അമ്മാവന്റെ വീട്ടിലേക്ക് താമസിക്കാൻ പോകാൻ ക്ഷണം വന്നത്. അമ്മയ്ക്കും അച്ഛനും പോകാൻ പറ്റില്ല. അനുവിനാണെങ്കിൽ അവിടെ അമ്മാവന്റെ മക്കളും ഉണ്ട്. അമ്മ ഇവളെ ഒറ്റയ്ക്ക് വിടുന്നുമില്ല. ഒരുപാട് വാശിയെടുത്ത് അവൾ അവുടേക്ക് പോയി. രണ്ടു ദിവസമേ അവിടെ നിന്നുള്ളൂ. അച്ഛനേയും അമ്മയേയും ഇതുവരെ വിട്ടുനിന്നിട്ടില്ല അവൾ ആദ്യമായിട്ടാണ് ഇങ്ങനെ വിട്ട നിൽക്കുന്നത്. അതുകൊണ്ടുതന്നെ അവൾ നാട്ടിലേക്ക് പെട്ടന്നുതന്നെ തിരിച്ചു. കാടിനുള്ളിലേക്ക് വണ്ടികളൊന്നും ഒന്നും തന്നെ പോകില്ല. റോഡിലിറങ്ങി അച്ഛനേയും അമ്മയേയും കാണാനുള്ള ആവേശം കൊണ്ട് അവൾ ഓടിച്ചെന്നു. ചെന്നവൾ ഞെട്ടിതരിച്ചു പോയി! അവളുടെ വീട് നിന്നിരുന്ന സ്ഥലത്ത് അങ്ങനെയൊരു വീടുപോലുമില്ല. മരങ്ങളില്ല! വെളുത്ത പുഴ

ചെളിനിറഞ്ഞ് ഭദ്രകാളിയെ പോലെ ഉറഞ്ഞു തുള്ളുന്നു. അവളുടെ ബാഗും പുസ്തകങ്ങളും എല്ലാം മണ്ണിന്റെയടിയിൽ.“മോളെന്താ

ഭക്ഷണമൊന്നുംകഴിക്കാറില്ലേ?"

എന്നാൽ അനു ഇന്നൊരു ഡോക്ടറാണ്. മെഡിക്കൽ കോളേജിലോ, മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പ്പിറ്റിലിലോ അല്ല. അവൾ ജനിച്ചു വളർന്ന അവളുടെ നാട്ടിൽ. എട്ടു വർഷങ്ങൾക്കു മുൻപ് തന്റെ അച്ഛനേയും അമ്മയേയും,കുഞ്ഞുവാവേനെയും കൊണ്ടുപ്പോയ പ്രളയം ഉണ്ടായ സ്ഥലം. അവളും പോകേണ്ടതായിരുന്നു. പക്ഷേ, ദൈവം അവൾക്കായി വിധിച്ചത് മറ്റുപലതുമായിരുന്നു. എന്നിട്ടും തളരാതെ അവൾ മുന്നേറി. ഇന്ന് അവളുടെ വീട് നിന്നിരുന്ന സ്ഥലത്തുതന്നെയാണ് അവളുടെ ക്ലീനിക്ക്. ഒരുപാട് ഓർമ്മകളുറങ്ങുന്ന മണ്ണിൽ ഇന്നും അവൾ തളരാതെ ജീവിക്കുന്നു.



ഖദീജ തസ്നി



# ഓർക്കാപ്പുറത്തൊരു ഓർമ

സ്വാതന്ത്രദിനത്തിലെ ഘോഷയാത്രയ്ക്ക് പിന്നാലെ ലിറ്റിൽ കൈറ്റ്സിന്റെ നീണ്ട ഫ്ളക്സുമായി ഞാനും സഹൃദയരും നടന്നു നീങ്ങവേ അമ്മൂമയുടെ ഉറക്കെയുള്ള ആരവം എന്നിൽ ഭീതി പടർത്തി.

" ചാച്ച ഉത്തഗോ ഘറാം ഹെഗ്ഗ് ഉദ്ദി ചെള്ളേ...... "
അമ്മൂമ പറഞ്ഞതിന്റെ തർജ്ജമയ്ക്കായി അമ്മയുടെ പക്കൽ ചെന്നപ്പോൾ ,

" കണ്ണു തുറന്നൊന്ന് പുറത്തേക്ക് നോക്ക് "
എന്നതായിരുന്നു അമ്മയുടെ മറുപടി.
ഞാൻ മെല്ലെ വാതിലിനൊപ്പം ആകാംക്ഷയാർന്ന മനസ്സും തുറന്നുകൊണ്ട് പുറത്തേക്ക് നോക്കി.
വീടിനെ ആവരണം ചെയ്തുകൊണ്ട് നാലുപാടും വെള്ളം.ആ തണുത്ത വെള്ളത്തിലേക്ക് ഞാനെന്റെ പാദങ്ങൾ പതിയെ ഇറക്കിവെച്ചു.പാദങ്ങളിൽ നിന്നും ഒരു തണുത്ത കുളിർ നാഡീ ഞരമ്പുകളിലൂടെ കടന്നുചെന്ന് ശരീരത്തിലെ അംഗോപാംഗങ്ങളെ ഉണർത്തി.തെല്ലുനേരം ഞാനാ അനുഭൂതിയിങ്കൽ സ്തബ്ധയായി നിന്നുപോയി. 'ആഗസ്റ്റ് 15 'എന്ന ഈ ദിനം ആഘോഷങ്ങളുടെ ഒത്തുചേരലായിരുന്നു.അത്തവും സ്വാതന്ത്ര ദിനവും ഒരു കുടക്കീഴിൽ ഒരുമിച്ചെത്തിയപ്പോൾ അവയുടെ മാറ്റ് കുറച്ചുകൊണ്ട് കുറ്റൻ മഴ 'റെഡ് അലേർട്ട്''പ്രഖ്യാപിച്ചു.സ്വാതന്ത്രദിനം ഒരു വഴിയെ

നടന്നുവെങ്കിലും എന്റെ സ്വപ്നങ്ങളുടെ ഏഴ് അയൽപക്കത്തെത്താൻ ഇന്നത്തെ ആഘോഷങ്ങൾക്ക് കഴിഞ്ഞില്ല.
നിരാശപൂണ്ട മനസോടെ ഞാൻ വീട്ടിലേക്ക് തിരിച്ചു.വെള്ളപ്പൊക്കത്തിന്റെ സിഗ്നലുകൾ
നൽകിക്കൊണ്ട് വഴിയോരക്കാഴ്ചകൾ എന്നെ ഭയചകിതയാക്കി.

വീട്ടിലെ പോർച്ചും എറയനും തമ്മിൽ കേവലം മൂന്ന് സ്റ്റെപ്പുകളുടെ അന്തരമാണുള്ളത്.ഞാൻ വീട്ടിൽ തിരിച്ചെത്തിയപ്പോഴേക്കും ഒന്നാം സ്റ്റെപ്പ് വെള്ളം കീഴടക്കിയിരുന്നു.

ടി.വി മുഖേന വെള്ളപ്പൊക്കത്തിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ്
നടത്തിയിരുന്ന അച്ഛനും അനിയനും അരികിലേക്ക് ഞാനും കടന്നു ചെന്നു. സമയമേറവെ വെള്ളം രണ്ടും മൂന്നും സ്റ്റെപ്പുകൾ കീഴടക്കി.വീടിനകത്തേക്ക്ജലം പ്രവഹിക്കും മുമ്പ് സാധനങ്ങൾ നിലംതൊടാതെ ബെർത്തിനും ഡെസ്കിനും മുകളിൽ സ്ഥാനം പിടിച്ചു.വെള്ളം കയറിപ്പറ്റാൻ സാധ്യതയില്ലാത്ത തയ്യൽ മെഷീന്റെ ഒരിത്തിരി സ്ഥലത്തേക്ക് ഞങ്ങളുടെ കൊച്ചു വളർത്തുനായ് 'കുക്കുറു'വിനെയും സുരക്ഷിതനാക്കി.ജലപ്രവാഹം തീവ്രമായപ്പോൾ അൽപ്പം പൊക്കസ്ഥലത്ത് സ്ഥിതിചെയ്യുന്ന തറവാട്ടിലേക്ക് മുട്ടോളമുയർന്ന ജലത്തെ ചവിട്ടിത്താഴ്ത്തിക്കൊണ്ട് ഞങ്ങൾ പോയി.എന്നാൽ ആടുമാടുകളെച്ചൊല്ലി അച്ചനും അമ്മയും വീടിനു കാവലായി. വീട്ടിലേക്ക് തിരിച്ചുപോയി.ചേച്ചിയും അനിയനും

ഞാനും പിന്നെ അമ്മൂമയും തറവാട്ടിൽഅഭയം പ്രാപിച്ചു.ഉറക്കം നടിച്ച്നേരം വെളുപ്പിച്ചു.ആകാംക്ഷയ്ക്കൊപ്പം ഭീതിയാർന്നതുമായ

രണ്ടാം ദിനത്തിന്റെ കവാടം ഞങ്ങൾ മെല്ലെത്തുറന്നു ആവി പറക്കുന്ന ചായഗ്ലാസുമായി ഉമ്മറത്തെ കസേരയിൽ ഞാൻ സ്ഥാനം പിടിച്ചു.ഭീതിതമായ മുഖത്തോടെ അച്ചനും അമ്മയും ഓടിവരുന്നതുകണ്ടപ്പോൾ തന്നെ വെള്ളത്തിന്റെ ഉയർച്ച എത്രത്തോളമെന്ന് ഊഹിച്ചെടുത്തു.അധികം താമസിയാതെ സാധനസാമഗ്രികൾ കെട്ടുകളിലാക്കി തറവാട്ടിലേക്ക് കൊണ്ടുവന്നു.ആടുമാടുകളെ ഒരു വീട്ടിൽ സുരക്ഷിതരാക്കി എത്തിച്ചു.തണുത്ത് വിറങ്ങലിച്ച കുക്കുറുവിനെ ഒരു കരംമുകളിലേക്കുയർത്തി കൊണ്ടുവരാൻ പുതിയൊരു രാജമാത ' ശിവകാമി ദേവി'രാജുച്ചേട്ടന്റെ രൂപത്തിൽ പ്രത്യക്ഷനായി.സമയം ഏകദേശം ഉച്ചയോടടുത്തപ്പോഴേക്കും വെള്ളം റോട്ടിലേക്കും റോട്ടിൽ നിന്നും വീടുകളിലേക്കും ഒഴുകിത്തുടങ്ങി. എന്നെ ഏറ്റവും അത്ഭുതപ്പെടുത്തിയത് തറവാടിന്റെ മുറ്റവും വെള്ളപ്പൊക്കത്തിനിരയായതാണ്. കിഴക്കേപ്പുഴയിൽനിന്നും പടിഞ്ഞാറേപ്പുഴയിൽ നിന്നും ഒഴുകിയ വെള്ളം കൂട്ടിമുട്ടിയതിന് തറവാട് ദൃക്സാക്ഷിയായതാണ് തറവാടിനെയും വെള്ളം കീഴ് പെടുത്താൻ ഇടയാക്കിയത്.

വെള്ളത്തിന്റെ അകത്തേക്കുള്ള പ്രവാഹത്തിന് കാണികളാകും മുമ്പേ മാമനൊഴികെ തറവാട്ടിലെ മറ്റംഗങ്ങൾ വല്ലച്ചിറയിലേക്ക് വീടുമാറി.എന്നാൽ വെള്ളമിനി കുറയുമെന്ന പ്രത്യാശയിൽ ഒരു രാത്രി കൂടി അവിടെ കഴിച്ചുകൂട്ടി.

ബാക്കിയുള്ളവ തൊട്ടുത്തെ ഇരു നില വീട്ടിൽ വെക്കുവാനായി മുറ്റത്തേക്കിറങ്ങിയപ്പോൾ ഞാൻ ഞെട്ടിത്തരിച്ചുപ്പോയി. വെള്ളം അരയോളം ഉയർന്നിരിക്കുന്നു. ലാപ്ടോപ്പ് മുതലായവ ആ വീട്ടിൽ സുരക്ഷിതമാക്കിവെച്ചു.റോട്ടിലൂടെ ആളുകൾ വഞ്ചി തുഴഞ്ഞ് സാധനങ്ങൾ കയറ്റുന്ന കാഴ്ചയ്ക്ക് ഞാനും സാക്ഷിയായി. അങ്ങനെ നൂണ്ടു നിന്ന ഒരു മഴയ്ക്കു ശേഷം മാനം തെളിയേണ്ട താമസം ഞാനും എന്റെ കുടുംബാംഗങ്ങളും ഒപ്പം മറ്റു ചിലരും ഒരു വലിയ വഞ്ചിയിൽ കയറി ദുരിതാശ്വാസക്യാമ്പിലേക്ക് പുറപ്പെട്ടു.

പണി പരിചയമില്ലാത്തതെങ്കിലും കരകാണാനുള്ള,ജീവിക്കാനുള്ള അതിയായ ആഗ്രഹത്തിൽ അച്ഛൻ വഞ്ചി കുത്താമെന്നേറ്റു. റോഡിന്റെ പകുതി വരെ വഞ്ചി തള്ളി. യാത്ര സുഖകരമല്ലെന്ന് മനസിലായപ്പോൾ രണ്ടു പേരെ മറ്റൊരു ചെറുവള്ളത്തിൽ കയറ്റിവിട്ടു. അങ്ങനെ യാത്ര തുടർന്നു.വഞ്ചി നീങ്ങിയത് പുഴയിലൂടെയായിരുന്നില്ല, മറിച്ച് വെള്ളം നിറഞ്ഞ റോഡുകളിലൂടെയായിരുന്നു. വഴിയോരക്കാഴ്ചകൾ ഒട്ടും സുഖകരമായിത്തോന്നിയില്ല. കാരണം പൂർണ്ണമായും ഭാഗികമായും മുങ്ങിയ വീടുകളും മതിലുകളുമായിരുന്നു കാഴ്ചയിൽ നിറഞ്ഞു നിന്നത്. പാതി പണിത വീടുകളുടെ കമ്പികൾ മാത്രം കാണാം. പാടങ്ങളും പറമ്പുകളും പുഴകളെന്ന് തോന്നിപ്പോകും വിധം വെള്ളത്താൽ സമൃദ്ധം. മനസ്സു മുഴുവൻ ഭയമായിരുന്നു. തെങ്ങിൻ തലപ്പു വരെ ഉയർന്ന ജലത്തെ അച്ഛൻ കഴക്കോൽക്കൊണ്ട് കുത്തിത്താഴ്ത്തിയപ്പോൾ തല ഉയർത്തി പുറത്തേക്ക് നോക്കുവാൻ പോലും ഭയപ്പെട്ടു കൊണ്ട് ഒരു കൊച്ചുകുട്ടി സ്നേഹമയിയായ അമ്മയുടെ കരങ്ങളിൽ മുറുകെപ്പിടിച്ചു. അങ്ങനെ ഒടുവിൽ ദുരിതാശ്വാസ ക്യാമ്പിൽ എത്തിയപ്പോൾ ആളുകളെ അവിടെ നിന്നും പറഞ്ഞയയ്ക്കുകയായിരുന്നു. എങ്കിലും വഞ്ചിയിൽ നിന്ന്

ചിലർ ഇറങ്ങിപ്പോയി. പകരം അഞ്ച് മുസ്ലീം കുട്ടികൾ ഒപ്പം കൂടി. ആ കുട്ടികളും എന്റെ കുടുംബവും ഞാനും പിന്നെ അച്ഛന്റെ സുഹൃത്തും ചേർന്ന് രണ്ടാം യാത്ര പുറപ്പെട്ടു. അടുത്ത യാത്രയിൽ ലക്ഷ്യമിട്ടത് ചിരട്ടകുന്നാണ്. അവിടേക്ക് ഞങ്ങളോടൊപ്പം അച്ഛന്റെ ഒരു സുഹൃത്തും ഉണ്ടായിരുന്നു. പാലക്കാട്ടു നിന്ന് മകളെ കൊണ്ടു വരാൻ വേണ്ടിയാണ്

അയാളും ഞങ്ങളോടൊപ്പം കൂടിയത്. മകളെ ഓർത്ത് വേവലാതി പൂണ്ട അദ്ദേഹം ഒരു ദ്വാരത്തിലൂടെ വഞ്ചിക്കകത്ത് കയറിയിരുന്ന വെള്ളത്തെ തേവിക്കളയുകയായിരുന്നു. എന്നാൽ വെള്ളമുണ്ടോ വിട്ടുകൊടുക്കുന്നു. അത് വീണ്ടും ആ ദ്വാരത്തിലൂടെ കയറിക്കൊണ്ടിരുന്നു. തേവിയാൽ തീരാത്ത വെള്ളത്തെപ്പോലെ തേവിയാൽത്തീരാത്ത സ്നേഹവും വേവലാതിയുമായി അയാളും വഞ്ചിക്കൊപ്പം മുന്നോട്ടു നീങ്ങി. വഞ്ചിയിലൂടെയുള്ള യാത്ര സുഖമമല്ലാത്തതിനാൽ രാമമന്ത്രം ഉരുവിട്ടുകൊണ്ട് ഞാൻ മുന്നോട്ട് നീങ്ങിയപ്പോൾ അള്ളാഹുവിനെ ഉള്ളുകൊണ്ട് വിളിച്ച് പ്രാർത്ഥിക്കുന്ന ഒരു പിഞ്ചുകുഞ്ഞ് ആ അഞ്ചു പേരിലുണ്ടായിരുന്നു. തെല്ല നേരം പിന്നിട്ടപ്പോൾ യാത്രയ്ക്ക് ഇമ്പം കൂടി. ചില നർമ്മങ്ങളും പൊട്ടിപ്പുറപ്പെട്ടു. വഴി തിരിച്ചറിയാനുള്ള അച്ഛന്റെ അടയാളം ഷാപ്പുകളായിരുന്നു. അങ്ങനെപ്പോകവെ അമ്മമ്മ പറഞ്ഞാണ് ഞാൻ അറിഞ്ഞത്. അഞ്ചു കയറും രണ്ടു താഴുമിട്ട് പൂട്ടിയ ഏതോ ഒരു നിർഭാഗ്യവാന്റെ വഞ്ചി ആരോ കട്ടുകൊണ്ടു പോയെന്ന്. നമുക്ക് നർമ്മമായിത്തോന്നുമെങ്കിലും അയാൾക്കത് വൈഷമ്യം നിറഞ്ഞ ഒന്നായിരുന്നു. അങ്ങനെ പോകവെ ഒരു പുളിയുറുമ്പിന്റെ കൂട്ടിലേക്കാണ് അച്ഛൻ വഞ്ചിയടുപ്പിച്ചത്. ഒരു കച്ചിത്തുരുമ്പിനായി കാ്തതിരുന്ന അവയും ഒപ്പം കൂടി. ഏറ്റവും അതിശയം ഏതു വെള്ളപ്പൊക്കത്തിലും ഞങ്ങളെ വിട്ടുപോകാതെ ഒപ്പം വന്ന

കുക്കുറുവിന്റെ സ്നേഹമായിരുന്നു. വഞ്ചിയാത്രയിൽ ഒരു പിഞ്ചുകുഞ്ഞിന്റേതു പോലെ അവൻ വഞ്ചിയിൽ ചടഞ്ഞിരുന്നു. അങ്ങനെ അവസാനം ഞങ്ങൾ കരയിലെത്തി.ചിരട്ടക്കുന്നിൽ. വെള്ളത്തിൽ നിന്നും രക്ഷപ്പെട്ടുവന്ന ഞങ്ങളെ എന്തോ അതിശയം പോലെ ചിലർ നോക്കി നിന്നപ്പോൾ ഞങ്ങളുടെ വിസപ്പിനെ മണത്തറിഞ്ഞ് ഒരു നല്ല മനുഷ്യൻ അല്പം കപ്പ ഞങ്ങൾക്കായി നൽകി. ഞങ്ങളെ അദ്ദേഹം കാറിന് അച്ഛൻ പറഞ്ഞ വഴിയെ കൊണ്ടാക്കി. യഥാർത്ഥത്തിൽ അയാൾ ഒരു നന്മയുടെ പ്രതീകമായിരുന്നു. വെള്ളത്താൽ ചുറ്റപ്പെട്ട ദേശത്തേക്കണ്ട് മരവിച്ചുപോയ മനസ്സുമായി മറ്റൊരു വീട്ടിലേക്ക് കയറിച്ചെന്നപ്പോൾ ഞങ്ങൾക്കുണ്ടായ ആവേശം പറഞ്ഞറിയിക്കാൻ വയ്യാത്തതാണ്. വെള്ളം കയറി നാലാം ദിനം ആയപ്പോഴേക്കും ഒട്ടുമിക്കവരും ദുരിതാശ്വാസക്യാമ്പിൽ അഭയം പ്രാപിച്ചു. വയ്യായ്ക അനുഭവിക്കുന്ന ചിലർ മാത്രമാണ് വെള്ളം കയറാത്ത ഇരു നില വീടുകളിൽ സ്ഥാനം പിടിച്ചത്. മറ്റുചിലരാകട്ടെ നാട്ടിൽ നിന്നും മാറി നിൽക്കാൻ പഴുതുണ്ടെങ്കിലും നാടിനു കാവലായി നാട്ടിൽ തന്നെ അഭയം പ്രാപിച്ചു. വെള്ളപ്പൊക്കത്തിൽ ഒറ്റപ്പെട്ടുപോയ ആട്ടുമാടുകൾക്കും മറ്റും തുണയായി അവരെ പരിപാലിച്ച് വീടിന് മുകളിൽ ഷെഡ്ഡുകെട്ടി അവരവിടെ പാർത്തു. പുതിയ വീട്ടിൽ ഞാനും കുടുംബാംഗങ്ങളും കപ്പയും മറ്റുമാണ് കഴിച്ചത്. നാട്ടിൽ അവശത അനുഭവിക്കുന്നവർക്കും നാട്ടിലെ കാവൽ ഭടന്മാർക്കും ഭക്ഷണം അച്ഛൻ മുഖേന കൊടുത്തയച്ചു. ആശ്രയമില്ലാത്തവർക്ക് ആശ്രയമായ അവർക്ക് ഒരാശ്വാസത്തിനായി. അങ്ങനെ ഇല്ലായ്മകളിൽ വെച്ചും കഴിച്ചും ഉറങ്ങിയും ആ അഞ്ചു ദിനങ്ങൾ നീങ്ങിയപ്പോൾ മനസ്സു മുഴുവൻ പറ്റി നിന്നന ഭീതിതമായ

ദിനങ്ങളാണ് മാഞ്ഞു പോയത്.ഓർക്കാപ്പുറത്തെത്തിയ ഈ വെള്ളപ്പൊക്കം ഒരോർമ്മയായി കേരളീയരുടെ മനസ്സിൽ ഇന്നും തങ്ങി നിൽക്കുന്നു......... ഓർക്കാപ്പുറത്തൊരോർമ്മയായി...............................



ശ്രീഷ്ണേന്ദു.എം.ബി

# സ്നേഹമയിയായ അമ്മ



ഒരു നാട്ടിൻ പുറത്തുകാരിയായിരുന്നു സിനി. അവൾക്ക് അച്ഛൻ ഉണ്ടായിരുന്നില്ല. അമ്മയാണ് അവളെ നോക്കിയിരുന്നത്. ഈ ലോകത്ത് അവൾക്ക് ഏറ്റവും ഇഷ്ടം അമ്മയെയായിരുന്നു.അതുപോലെത്തന്നെയായിരുന്നു അമ്മയാക്കും.അമ്മ വീട്ടു പണിയെടുത്താണ് സിനിയെ പഠിപ്പിച്ചിരുന്നത്.കുടുംബത്തിലെ പ്രശ്നം സിനിക്ക് അറിയാമായിരുന്നു.അതുകൊണ്ട് തന്നെ അവളുടെ ആഗ്രഹങ്ങൾ ആരോടും പറയാതെ മനസ്സിൽ സൂക്ഷിക്കുമായിരുന്നു.അവൾഅങ്ങനെ വളർന്നു +2-യിൽ ആയി.അമ്മയ്ക്ക് ആകെ വയ്യാതെയായി. എന്നാലും തന്റെ മകൾ പഠിച്ചു വലിയ നിലയിലെത്തണമെന്നായിരുന്നു ആ അമ്മയുടെ ആഗ്രഹം.അവൾ നന്നായി പഠിച്ചു. ഒഴിവു ദിവസം അവൾ ചെറിയ ചെറിയ ജോലിക്ക് പോകുമായിരുന്നു. അതും അമ്മ അറിയാതെ. പതിവു പോലെ സിനി സ്കൂളിലേക്കും പണിക്കും പോയി. അന്ന് സിനിയുടെ അമ്മ പണി സ്ഥലത്തു വെച്ച് തലകറങ്ങി വീണു. ആളുകൾ ചേർന്ന് അമ്മയെ ആശുപത്രിയിലെത്തിച്ചു. അഡ്മിറ്റു ചെയ്യാൻ ഡോക്ടർ അമ്മയോടു പറഞ്ഞു. പക്ഷേ അമ്മ അതിനു കൂട്ടാക്കിയില്ല. വേഗം വീട്ടിലേക്കു പോയി.അമ്മ മരുന്നു വാങ്ങിക്കാൻ മറന്നു പോയിരുന്നു. വീട്ടിൽ ചെന്ന് സിനിക്കു വേണ്ട ചായ ഉണ്ടാക്കി വെച്ച് അവളെ കാത്തിരുന്നു. നാലുമണിയായപ്പോൾ അവൾ വീട്ടിലെത്തി. ചായകുടിച്ചു

കൊമ്ട് അമ്മയോട് സ്കൂൾ വിശേഷങ്ങൾ പങ്കുവെച്ചു.പക്ഷേ അമ്മ ആശുപത്രിയിൽ പോയകാര്യം സിനിയോട് പറഞ്ഞില്ല.കുറച്ചു കഴിഞ്ഞ് അമ്മ വെള്ളം കോരാൻ കിണറ്റിനടുത്തേക്ക് പോയി.വെള്ളം കോരി വീട്ടിലേക്ക് നടക്കുന്ന സമയത്ത് അമ്മ തലകറങ്ങി വീണു. ബക്കറ്റിന്റെ ശബ്ദം കേട്ട് സിനി മുറ്റത്തേക്ക് ഓടി വന്നു.നോക്കുമ്പോൾ അമ്മ വീണു കിടക്കുന്നു. അവൾ അമ്മയുടെ അടുത്തേക്ക് ചെന്ന് അമ്മയുടെ തല മടിയിൽ വച്ചു. നോക്കുമ്പോൾ അമ്മയുടെ മൂക്കിൽ നിന്ന് ചോര വരുന്നു.അവൾ ഉറക്കെ കരഞ്ഞു.സിനി കരഞ്ഞ ശബ്ദം കേട്ട് ആളുകൾ ഓടി വന്നു.എന്നിട്ട് ആശുപത്രിയിൽ കൊണ്ട് പോയി.അപ്പോഴും അമ്മയ്ക്ക് ബോധം വന്നില്ലായിരുന്നു. വേഗം അമ്മയെ സിറ്റി ഹോസ്പിറ്റലിലേക്ക് കൊണ്ട് പോകാൻ പറഞ്ഞു. അല്ലങ്കിൽ ജീവൻ അപകടമാണ്. വേഗം സിറ്റി ഹോസ്പ്പിറ്റലിലേക്ക് കൊണ്ടുപോയി.അവിടെ എത്തിയപ്പോൾ അമ്മയെ ICU-ൽ കയറ്റി.ഡോക്ടർ ഓടി വന്നു.പരിശോധിച്ചു.ഓപ്പറേഷൻ നടത്തണം.അതിന് 15000 വേണം എന്ന് ഡോക്ടർ പറഞ്ഞു.പക്ഷേ സിനിയുടെ കൈയിൽ 1000 രൂപയെ ഉണ്ടായിരുന്നുള്ളൂ. വേഗം വേണം അല്ലെങ്കിൽ അമ്മയുടെ ജീവൻ അപകടമാണ്.ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ കൊണ്ട് വരണം. അവൾക്ക് എന്ത് ചെയ്യണമെന്നറിയാതെ ആ ആശുപത്രിയിൽ കുറച്ചു നേരം ചിന്തിച്ചു നിന്നു.എങ്ങനെയെങ്കിലും 15000 രൂപ ഉണ്ടാക്കണം.അതായിരുന്നു അവളുടെ മനസ്സിൽ.അവൾ ആ സിറ്റിയിൽ കിടന്നലഞ്ഞു.ആരെയും പരിചയമില്ല.സിറ്റിയുടെ തെക്കും വടക്കുമറിയാതെ അവൾഅലഞ്ഞു.പലയിടത്തും...എല്ലാവരോടും കെഞ്ചി ചോദിച്ചു.ആരും സഹായിച്ചില്ല.അവസാനം അവൾ തളർന്ന് ഒരു മരച്ചുവട്ടിൽ ഇത്തിരിനേരം ഇരുന്നു. സമയം

പോയികൊണ്ടിരിക്കുകയായിരുന്നു.അപ്പോൾ അവളുടെ കൈയിലിരുന്ന സ്വർണമാല അവൾ വിൽക്കാൻതീരുമാനിച്ചു.അങ്ങിനെ അവൾ ആ മാല വിറ്റ പണം വാങ്ങിച്ചു.10000 രൂപയെ അതിന് കിട്ടിയുള്ളൂ.ബാക്കി 5000 രൂപയ്ക്ക് വേണ്ടി അവൾ വീണ്ടും അലഞ്ഞു.ഓടുമ്പോൾ ഒക്കെ അമ്മയുടെ ഓർമ്മകൾ ആയിരുന്നു.ക്ഷീണം കൊണ്ട് അവൾ ഒരു ചെറിയ സ്ഥലത്തിരുന്നു.ആരും സഹായിക്കാനില്ലാതെ അവൾ 10000 രൂപ ഉണ്ടാക്കി.അവൾ വേഗം ആശുപത്രിയിലേക്ക് ഓടിച്ചെന്ന് ആ പണം ഡോക്ടറിന്റെ കയ്യിൽ എത്തിച്ചു.പക്ഷെ തന്നിരുന്ന സമയം കഴിഞ്ഞിട്ടാണ് അവൾ പൈസ എത്തിച്ചത് . ഡോക്ടർ സങ്കടത്തോടെ അവളുടെ അടുത്ത് ചെന്ന് പറഞ്ഞു.മോളുടെ അമ്മ മരിച്ചു.ബ്ലഡ് ക്യാൻസർ ആയിരുന്നു.ആദ്യമേ മരുന്നു കൊടുത്തിരുന്നുവെങ്കിൽ ജീവൻ ഇത്തിരി കാലം കൂടി നിലനിർത്താമായിരുന്നു.അവൾ ഒന്നും മിണ്ടിയില്ല.അവളുടെ കണ്ണുകൾ നിറയാൻ തുടങ്ങി.അമ്മയുടെ മൃതദേഹം അവളുടെ മുന്നിൽ എത്തി.അമ്മയുടെ  മുഖം കണ്ടതും അവളുടെ കണ്ണുനീർ വെട്ടി.കണ്ണീർത്തുള്ളി അമ്മയുടെ മുഖത്ത് വീണു. അവളെന്നിട്ട് ഒന്നും മിണ്ടാതെ എങ്ങോട്ടെന്നില്ലാതെ നടന്നു.ഡോക്ടർ നോക്കിനിന്നു.അല്പനേരം കഴിഞ്ഞ് അവൾ വിദൂരതയിലേക്ക് മറഞ്ഞു. പിന്നെയാരും അവളെ കണ്ടിട്ടില്ല.

**ദിവ്യ**

# കൃതജ്ഞത

സമകാലിക ലോകത്തിന്റെ തിരക്കേറിയ
തെരുവീഥികൾക്കിടയിലും തങ്ങളുടേതായ കഴിവുകളെ
വെളിപ്പെടുത്താനാകാതെ വീർപ്പുമുട്ടുന്ന
ഒരു പറ്റം കുരുന്നുകളുടെ സാഹിത്യസൃഷ്ടികളെ പുത്തൻ
സാങ്കേതിക വിദ്യയുപയോഗിച്ച്
വെളിച്ചത്തിലേക്കെത്തിക്കാൻ ഞങ്ങളെ സഹായിച്ച
ഓരോരുത്തർക്കും  അതിനായി അവസരമൊരുക്കിയ
ലിറ്റിൽകൈറ്റ്സിനും ഹൃദയത്തിൽ കവിഞ്ഞ നന്ദിയുമായി

ജി.ജി.എച്ച്.എസ്.എസ്.കൊടുങ്ങല്ലൂർ



# പത്രാധിപർ

മണിടീച്ചർ
ഇന്ദിരടീച്ചർ
അസീനടീച്ചർ

ശ്രീലക്ഷ്മി
സുനൈന
ശ്രീഷ്ണേന്ദു.എം.ബി

# മികവുകൾ














സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി
ജി.ജി.എച്ച്.എസ്.എസ്. കൊടുങ്ങല്ലൂർ
TRR 621 (തൃശ്ശൂർ റൂറൽ)






ഗവ: ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
കൊടുങ്ങല്ലൂർ